3.

/78811/2022

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം-തൃശ്ശൂർ
നടപടിക്രമങ്ങൾ
ഹാജർ: ശ്രീ. രാജീവ് കെ.ആർ
ഫോൺ : 0487- 2363003
ഇ-മെയിൽ : tptsr.lsgdplng@kerala.gov.in

വിഷയം : തൃശ്ശൂർ ജില്ല - വലപ്പാട് ഗ്രാമപഞ്ചായത്ത് - വലപ്പാട് വില്ലേജ് സർവ്വെ നമ്പർ 205/1, 205/1-2, 205/ 9, 206/ 2, 206/3, 206/4 -1, 207/1 -14, 207/1 -2 207/ 1-5 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് ലേ – ഔട്ട് അംഗീകാരം - സംബന്ധിച്ച്

പരാമർശം : വലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/09/2022, 08/11/2022 തിയ്യതികളിലെ എ3/ 7442/ 2021, എ3/ 7442/ 2021 (1) നമ്പർ കത്തുകൾ

**ഉത്തരവ് നമ്പർ : TCPTSR/629/2022-C1-Ddis തിയ്യതി : 14-12-2022**

**ലേ-ഔട്ട് നമ്പർ : 23/2022**

തൃശ്ശൂർ ജില്ല - വലപ്പാട് ഗ്രാമപഞ്ചായത്ത് - വലപ്പാട് വില്ലേജിൽ സർവ്വെ നമ്പർ 205/1, 205/1-2, 205/ 9, 206/ 2, 206/3, 206/4 -1, 207/1 -14, 207/1 -2, 207/ 1-5 എന്നിവയിൽ ഉൾപ്പെട്ട 5269 ച.മീറ്റർ വിസ്തൃതിയിലുള്ള സ്ഥലത്ത് ഗ്രൂപ്പ് B ഗണത്തിൽപ്പെട്ട GF+FF+SF+Stair എന്നീ നിലകളിലായി 4929.07 ച.മീറ്റർ വിസ്തൃതിയിലും സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന പ്ലാനുകൾ അനുസരിച്ച് താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ 2019 ചട്ടം 5(6)(b), ചട്ടം 30 Table 11 (c)(2) പ്രകാരം ലേ-ഔട്ട് അംഗീകാരവും ടി സ്ഥലത്തിന്റെ മേൽപ്പടി ഉപയോഗത്തിനുള്ള അംഗീകാരവും നൽകി ഉത്തരവാകുന്നു.സൈറ്റ് പ്ലാനിൽപ്രസ്തുത പ്ലോട്ടിൽ ജി+2 നിലകളിലായി 436.26M2 വിസ്തീർണ്ണമുള്ള കെട്ടിടം നിലവിലുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയവക്കും താഴെ പറയുന്ന നിബന്ധനകൾ ബാധകമാകുന്നതാണ്

**നിബന്ധനകൾ**

1. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ- 2019-ലെ മുഴുവൻ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.പി.ബി.ആർ- 2019 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, അളവുകൾ, അതിരുകൾ, സർവ്വെ നമ്പറുകൾ, വിസ്തീർണ്ണം, ഭൂമിയുടെ സ്വഭാവം, റവന്യൂ വിശദാംശങ്ങൾ എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ശാസ്ത്രീയ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും മറ്റു ആവശ്യമായ ഏജൻസികളിൽ നിന്നും നിയമാനുസൃതം അനുമതി ലഭ്യമാക്കേണ്ടതാണ്.
5. നിർദ്ദിഷ്ട നിർമ്മാണവും, പ്രവർത്തനവും പരിസരപ്രദേശത്തെ ജനങ്ങളുടെ സ്വൈരജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. നിർദ്ദിഷ്ട സ്ഥലത്തു ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങൾ/ കെട്ടിട നിർമ്മാണങ്ങൾ എന്നിവക്ക് 2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം, തുടർന്നുള്ള ഭേദഗതികൾ, ഗവണ്മെന്റ് സർക്കുലറുകൾ, ബന്ധപ്പെട്ട KLU ഉത്തരവുകൾ എന്നിവ ബാധകമാകുന്നപക്ഷം ആയവക്കും, ബാധകമെങ്കിൽ CRZ നിയമങ്ങൾക്കും, അനുസൃതമാണെന്നു പഞ്ചായത്തു സെക്രട്ടറി പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണ്
8. പ്രസ്തുത പ്ലോട്ടിലേക്കുള്ള മീഞ്ചന്ത-തിരുപഴഞ്ചേരി ടെംപിൾ റോഡിനു സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയത് പ്രകാരം റോഡ് വീതി ലഭ്യമാണെന്ന് പരിശോധിച്ച ഉറപ്പ വരുത്തേണ്ടതാണ്.
9. പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള 3/22/A നമ്പറുള്ള കെട്ടിടത്തിനു കെട്ടിട വിസ്തൃതി (145M2x3floor=436.26M2), നിലകൾ(G+2), എന്നിവ അസ്സസ്മെന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരമാണെന്നു പെർമിറ്റ് നൽകുന്നതിന് മുൻപ് പരിശോധിച്ച ശരിയാണെന്നു ഉറപ്പ വരുത്തേണ്ടതാണ്.
10. പ്രസ്തുത പ്ലോട്ടിൽ രേഖപ്പെടുത്തിയതു പ്രകാരം പാർക്കിംഗ് ഡ്രൈവേ എന്നിവ ക്രമീകരിച്ച നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
11. ബിൽഡിങ്ങ് പെർമിറ്റ് നൽകുന്നതിന് മുൻപ് അക്സസ്സ് റോഡുമായി ബന്ധപ്പെട്ട ഭാഗത്തെ റവന്യൂ രേഖകൾ ലഭ്യമാക്കി പ്ലാൻ പ്രകാരവും ചട്ടപ്രകാരവും പ്ലോട്ടിലേക്കുള്ള അക്സസ്സ് റോഡു വീതി ലഭ്യമാണെന്ന് ഉറപ്പാക്കണം.
12. മഴവെള്ള സംഭരണ സംവിധാനം നിയമാനുസൃതം ഏർപ്പെടുത്തിയിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്.
13. J2 പ്രകാരമുള്ള സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ളവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം
14. പ്രസ്തുത സൈറ്റ് പ്ലാൻ ചട്ടം 2(1)(cf) 2(1)(cg) എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം
15. ചട്ടം 29(12) പ്രകാരമുള്ള സംവിധാനം നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം
16. മേല്പറഞ്ഞ എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം

ഈ ഉത്തരവ് നിർമ്മാണം തുടങ്ങുന്നതിനുള്ളതല്ല കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ വികസന അനുമതി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

സെക്രട്ടറി വലപ്പാട് ഗ്രാമപഞ്ചായത്ത്
(1 സെറ്റ് പ്ലാൻ സഹിതം

Signed by
K R Rajeev
Date: 14-12-2022 13:08:23
ജില്ലാ നഗരാസൂത്രകൻ

പകർപ്പ്

ശ്രീ.നവീൻ പി എസ് , ശ്രീ.കെ പി രവി (വി.പി.നന്ദകമാർ ക്കു വേണ്ടി), മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, വലപ്പാട്, തൃശ്ശൂർ